ഇടുക്കി ജില്ലയിലെ എം. ജി. പി. പ്രവൃത്തികൾ

6 [768] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ എം. ജി. പി.യിൽപ്പെടുത്തി ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇടുക്കി ജില്ലയിൽ നാളിതു വരെയായി പൂർത്തീകരിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ചും, വകുപ്പ് തിരിച്ചും വെളിപ്പെടുത്തുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ബി) എം. ജി. പി. യിൽപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾ ഇടുക്കി ജില്ലയിൽ ഏറ്റെടുത്തിട്ടുണ്ടെന്ന് ഇനം തിരിച്ചും, വകുപ്പ് തിരിച്ചും വെളിപ്പെടുത്തുമോ; ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇടുക്കി ജില്ലയിൽനിന്നും എം. ജി. പി.യിൽപ്പെടുത്തി ഏതെല്ലാം പ്രവർത്തികൾ ഇനി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നയപരമായ പരിഷ്കരണങ്ങൾ ഉദ്ദേശിച്ചുള്ള പൊതു ഉദ്യമങ്ങളുടെ ഗുണഫലം ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും ലഭിക്കുന്നതാണ്. കൂടാതെ എം. ജി. പി.ക്ക് കീഴിലെ സേവന പ്രദാന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ള സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് സേവന നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക സഹായവും ലഭിക്കും. സേവന പ്രദാന പദ്ധതിയുടെ നിർവ്വഹണത്തിനായി സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 98/04/പൊ. ഭ.വ. തീയതി 14-5-2004 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക എം. ജി. പി. യുടെ ഔദ്യോഗിക ജാലികയായ www.keralamgp.org-ൽ ലഭ്യമാണ്.

(ബി) എം. ജി. പി യുടെ പൊതു ഉദ്യമങ്ങളുടെ വിശദവിവരങ്ങൾ www.keralamgp.org-ൽ ലഭ്യമാണ്. ഇടുക്കി ജില്ലയിൽ നിന്നും 158 സ്ഥാപനങ്ങൾ സേവന പ്രദാന പദ്ധതിയുടെ നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്:

ആശുപത്രികൾ–11
കളക്ടറേറ്റ് ഉൾപ്പെടെയുള്ള റവന്യൂ സ്ഥാപനങ്ങൾ–47
സബ് രജിസ്ട്രാർ ഓഫീസുകൾ–4
വിദ്യാഭ്യാസ സ്ഥാപനങ്ങൾ–30
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ–5
താലൂക്ക് സപ്ലൈ ഓഫീസുകൾ–4
സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ (വൃദ്ധസദനം 1+അംഗൻവാടി 53)–54
പോലീസ് സ്റ്റേഷനുകൾ–3

സ്ഥാപനതല പദ്ധതികൾ ഭരണ നവീകരണ പരിപാടിയുടെ ജാലികയായ www.keralamgp.org-ൽ ലഭ്യമാണ്.

(സി) എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി സേവന പ്രദാന പദ്ധതിയുടെ ഒരു രണ്ടാം ഘട്ടം സർക്കാരിന്റെ സജീവ പരിഗണനയിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly